I ഇ.ബി. XII-കേരള നിയമസഭ /V-11

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം
## (ചോദ്യോത്തരങ്ങൾ ഒഴികെ)

2007 ജൂലായ് 9, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

മുൻ പ്രധാനമന്ത്രി എസ്. ചന്ദ്രശേഖറുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ: ഇന്ത്യയുടെ 11-ാമത് പ്രധാനമന്ത്രിയായിരുന്ന ചന്ദ്രശേഖർ 2007 ജൂലൈ 8-ാം തീയതി നമ്മോടു വിട പറഞ്ഞു. നിശ്ചയദാർഢ്യം കൊണ്ട് രാഷ്ട്രീയത്തിലെ എതിർപ്പുകളെ തുറന്നു പ്രഖ്യാപിക്കുകയും വിട്ടു വീഴ്ചയില്ലാതെ നേരിടുകയും ചെയ്ത നേതാവായിരുന്നു ചന്ദ്രശേഖർ. ഉത്തർപ്രദേശിലെ ബാലിയ ജില്ലയിലെ ഇബ്രാഹിംപട്ടി എന്ന വില്ലേജിൽ കർഷകനായ സദാനന്ദസിംഗിന്റെയും ദ്രൗപതിദേവിയുടെയും മകനായി 1927 ജൂലൈ 1-ാം തീയതി ജനിച്ച ചന്ദ്രശേഖർ വിദ്യാർത്ഥി ആയിരിക്കുമ്പോൾത്തന്നെ രാഷ്ട്രീയത്തിൽ ആകൃഷ്ടനായി. അലഹബാദ് സർവ്വകലാശാലയിൽ നിന്നും രാഷ്ട്രമീമാംസയിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ ചന്ദ്രശേഖർ തുടർന്ന് പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുടെ ബാലിയാ ജില്ലാ സെക്രട്ടറി,

സംസ്ഥാന സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. 1962-ൽ ഉത്തർപ്രദേശിൽ നിന്നും രാജ്യസഭയിലേയ്ക്ക് തെരഞ്ഞടുക്കപ്പെട്ട ചന്ദ്രശേഖർ 1965-ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ അംഗമായി. 1967-ൽ കോൺഗ്രസ് പാർലമെന്ററി പാർട്ടി ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. 1968-ലും 1974-ലും രാജ്യസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1977-ലും 1980-ലും ബാലിയ മണ്ഡലത്തിൽ നിന്നും വിജയിച്ച് 6, 7 ലോക്സഭകളിൽ അംഗമായി. 1984-ൽ പരാജയപ്പെട്ട അദ്ദേഹം 1989-ൽ വീണ്ടും 9-ാം ലോക്സഭയിൽ അംഗമായി. തുടർന്ന് 10, 11, 12, 13, 14 ലോക്സഭകളിൽ അംഗമായിരുന്ന ചന്ദ്രശേഖറിന് 1995-ൽ ഏറ്റവും മികച്ച പാർലമെന്റേറിയനുള്ള അവാർഡ് ലഭിക്കുകയുണ്ടായി. 2000-2001 വർഷത്തിൽ പാർലമെന്റിന്റെ എഥിക്സ് കമ്മിറ്റി ചെയർമാനായും സേവനമനുഷ്ഠിച്ചിരുന്നു. പാർലമെന്റംഗമെന്ന നിലയിൽ അധ:സ്ഥിതരുടെ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിലും സാമൂഹ്യ മാറ്റത്തിനാവശ്യമായ നയങ്ങൾ നടപ്പിലാക്കുന്നതിലും അധികാര കേന്ദ്രീകരണത്തിനെതിരെയും അദ്ദേഹം സദാ ജാഗരൂകനായിരുന്നു. നിക്ഷിപ്ത താൽപര്യങ്ങൾക്കെതിരായ ശക്തമായ പോരാട്ടം അദ്ദേഹത്തെ രാഷ്ട്രീയത്തിലെ "യുവതുർക്കി" എന്ന സ്ഥാനത്തിന് അർഹനാക്കി. 1969-ൽ "യങ് ഇൻഡ്യൻ" എന്ന ആഴ്ചപ്പതിപ്പിന്റെ എഡിറ്റോറിയൽ അഡ്വൈസറി ബോർഡ് ചെയർമാനായും പ്രവർത്തിച്ചു. വ്യക്ത്യാധിഷ്ഠിത രാഷ്ട്രീയത്തെ തുറന്ന് എതിർത്തിരുന്ന അദ്ദേഹം രാഷ്ട്രീയത്തിൽ ആദർശങ്ങൾക്ക് പ്രാമുഖ്യം നൽകിയിരുന്നു. തന്മൂലം

അദ്ദേഹം ജയപ്രകാശ് നാരായണനുമായി 1973-75 കാലഘട്ടത്തിൽ അടുക്കുകയും കോൺഗ്രസ്സിലെ വിമത ശബ്ദമായി മാറുകയും ചെയ്തു. അടിയന്തിരാവസ്ഥയിൽ ജയിലിലടയ്ക്കപ്പെട്ട അദ്ദേഹം ജനതാപാർട്ടിയുടെ രൂപീകരണത്തിൽ മുഖ്യപങ്ക് വഹിച്ചിരുന്നു. 1977 മുതൽ 1988 വരെ ജനതാ പാർട്ടിയുടെ ദേശീയ പ്രസിഡന്റായി പ്രവർത്തിച്ചു. ഇന്ത്യയിലെ ഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാ വശ്യമായ ജനശ്രദ്ധ സ്വരൂപിക്കുന്നതിന്റെ ഭാഗമായി അദ്ദേഹം 1983 ജനുവരി 6 മുതൽ 1985 ജൂൺ 25 വരെ നീണ്ടു നിന്ന ഒരു പദയാത്ര നടത്തിയിരുന്നു. കന്യാകുമാരിയിൽ തുടങ്ങി ന്യൂഡൽഹിയിലെ രാജ്ഘട്ടിൽ അവസാനിച്ച പ്രസ്തുത പദയാത്ര ഏറെ ജനശ്രദ്ധ ആകർഷിച്ച ഒന്നായിരുന്നു. 1990 നവംബർ മാസം 10-ാം തീയതി ചന്ദ്രശേഖർ കോൺഗ്രസ്സിന്റെയും ബി.ജെ.പി.യുടെയും പിന്തുണയോടുകൂടി ഇന്ത്യയുടെ 11-ാമത് പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. കോൺഗ്രസ് പിന്തുണ പിൻവലിച്ചതിനാൽ 1991 ജൂൺ 21-ാം തീയതി പ്രധാനമന്ത്രി പദം രാജി വച്ചു. നാല് പതിറ്റാണ്ട് നീണ്ടു നിന്ന പാർലമെന്ററി പ്രവർത്തനത്തിന്റെ അനുഭവ സമ്പത്തിലൂടെ ഇന്ത്യൻ ജനാധിപത്യത്തിന്റെ വളർച്ചയ്ക്ക് നിസ്തുല സംഭാവനകൾ നൽകാൻ കഴിഞ്ഞ മതനിരപേക്ഷ സോഷ്യലിസ്റ്റ് നേതാവായിരുന്നു ചന്ദ്രശേഖർ. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിലൂടെ ആദർശധീരനായ ഒരു ജനനേതാവിനെയാണ് നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി.എസ് അച്ചുതാനന്ദൻ): നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ച

വ്യക്തിയാണ് ചന്ദ്രശേഖർ. മഹാത്മാഗാന്ധി നയിച്ച ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ പ്രവർത്തിച്ച ഒരു സോഷ്യലിസ്റ്റ് ആശയഗതിക്കാരനായിരുന്നു അദ്ദേഹം. കോൺഗ്രസ്സിന്റെ തെറ്റായ നയസമീപനങ്ങൾക്കെതിരായി കോൺഗ്രസ്സിൽ നിന്നുകൊണ്ട് പോരാടി തുടങ്ങിയപ്പോൾ പ്രധാനമന്ത്രിയും കോൺഗ്രസ്സ് നേതാവുമായിരുന്ന ഇന്ദിരാഗാന്ധി അദ്ദേഹത്തെ കൽത്തുറുങ്കിലടച്ചു. ഇന്ദിരാഗാന്ധി പ്രഖ്യാപിച്ച അടിയന്തിരാവസ്ഥ യ്ക്കെതിരെ ദേശവ്യാപകമായ രോഷവും പ്രതിഷേധവും വളർന്നുവന്നപ്പോൾ ജയിൽ വിമോചിതനായതിനുശേഷം ജയപ്രകാശ് നാരായണനോടൊപ്പം ജനതാപാർട്ടിയിൽ ചേർന്ന് അടിയന്തിരാവസ്ഥ പിൻവലിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം പ്രയത്നിച്ചു. പിന്നീടുണ്ടായ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷവുമായി ചേർന്നു പ്രവർത്തിക്കുകയും പിന്നീട് ജനതാപാർട്ടി എന്ന സ്വതന്ത്രമായ ഒരു പാർട്ടി രൂപീകരിക്കുകയും അതിനുശേഷം കോൺഗ്രസ്സിന്റേയും ബി.ജെ.പി-യുടേയും പിന്തുണയോടുകൂടി ഇൻഡ്യയുടെ പ്രധാനമന്ത്രിയാകുകയും ചെയ്തു. മതനിരപേക്ഷ സോഷ്യലിസ്റ്റ് പ്രവർത്തനം കാഴ്ചവച്ചുകൊണ്ട് ഇൻഡ്യയുടെ മുൻപിൽ ഒരു സമര ഭടനായി നിലയുറപ്പിച്ചിരുന്ന അദ്ദേഹത്തിന് മാരകമായ രോഗം പിടിപെട്ടിരുന്നു. അവസാനം ആ രോഗം അദ്ദേഹത്തെ കീഴടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ ഞാനും ഞാൻ നയിക്കുന്ന മുന്നണിയും അതീവ ദു:ഖം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> മുൻ പ്രധാനമന്ത്രി ചന്ദ്രശേഖറിന്റെ നിര്യാണത്തിൽ അഗാധമായ ദു:ഖം രേഖപ്പെടുത്തുന്നു. അദ്ദേഹത്തെക്കുറിച്ച് ബഹുമാന്യനായ സ്പീക്കറും മുഖ്യമന്ത്രിയും പറഞ്ഞ

അഭിപ്രായങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. കേവലം നാല് മാസംമാത്രം ഇൻഡ്യയുടെ പ്രധാനമന്ത്രിയായിരുന്നുവെങ്കിലും അദ്ദേഹം പ്രധാനമന്ത്രി സ്ഥാനത്തിരുന്ന് നൽകിയ സംഭാവനകൾ വളരെ വലുതാണ്. ദീർഘകാലത്തെ ജീവിതപോരാട്ടങ്ങളാണ് ഇൻഡ്യൻ രാഷ്ട്രീയത്തിൽ അദ്ദേഹത്തിന് ഉന്നത സ്ഥാനം നേടിക്കൊടുത്തത്. സോഷ്യലിസ്റ്റ് ആദർശങ്ങളിൽ ഉറച്ചു നിന്നുകൊണ്ട്, പലവിധത്തിലുള്ള സ്ഥാനങ്ങൾ വഹിച്ചുകൊണ്ട് പ്രവർത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അസ്വാതന്ത്ര്യത്തിന്റേയും അടിച്ചമർത്തലുകളുടേയും വേദനകൾ സ്വന്തം ജീവിതത്തിൽ ഏറ്റുവാങ്ങിയ അദ്ദേഹം ആ അസമത്വങ്ങൾക്കും അനീതികൾക്കുമെതിരെ പൊട്ടിത്തെറിച്ചുകൊണ്ടാണ് പൊതുരംഗത്തേയ്ക്ക് വന്നത്. പുതിയ തലമുറയെ സോഷ്യലിസ്റ്റ് ആദർശങ്ങളിലേയ്ക്ക് അടുപ്പിക്കുന്നതിൽ അദ്ദേഹം വലിയ പങ്ക് വഹിച്ചുണ്ട്. ചന്ദ്രശേഖർ സോഷ്യലിസ്റ്റ് ആദർശങ്ങളിലൂടെ നടത്തിയിട്ടുള്ള പോരാട്ടങ്ങൾ ഇൻഡ്യയിലെ ചെറുപ്പക്കാർക്ക് എന്നും ആവേശമായിരുന്നു. 1983-ൽ അദ്ദേഹം നടത്തിയ ഭാരത യാത്ര രാഷ്ട്രീയത്തിനതീതമായി ഭാരതീയ ജനതയുടെ അഭിവാദ്യങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടാണ് പൂർത്തീകരിച്ചത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അഗാധദു:ഖം രേഖപ്പെടുത്തുകയും ആ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായി യോജിക്കുകയാണ്. ഭാരതത്തിന്റെ മതേതര മൂല്യങ്ങളിൽ അടിയുറച്ച്

പ്രവർത്തിച്ച, വ്യക്തിത്വത്തിൽ അധിഷ്ഠിതമായ, രാഷ്ട്രീയത്തെ നഖശിഖാന്തം എതിർത്ത പ്രമുഖ സോഷ്യലിസ്റ്റായിരുന്നു മുൻ പ്രധാനമന്ത്രി ചന്ദ്രശേഖർ. 1960-കളിൽ ഇൻഡ്യൻ പാർലമെന്റിന് പുതിയ ദിശാബോധം നൽകി പ്രവർത്തിച്ചിരുന്ന,. യുവജനങ്ങൾക്ക് ആവേശമായിരുന്ന അദ്ദേഹം യുവതുർക്കി എന്നാണ് അറിയപ്പെട്ടിരുന്നത്. 1990-ലെ സംവരണ വിരുദ്ധ പ്രക്ഷോഭകാലത്തും അദ്ദേഹത്തിന് രാഷ്ട്രീയത്തിനുപരിയായി വേറിട്ട ശബ്ദമാണുണ്ടായിരുന്നത്. ജനാധിപത്യ ധ്വംസനത്തിനെതിരെ നിർഭയം പ്രവർത്തിച്ചിരുന്ന അദ്ദേഹം സാമാന്യ ജനവിഭാഗത്തിന്റെ അഭിവൃദ്ധിയിൽ അതീവതൽപ്പരനായിരുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ അതിയായ ദു:ഖം രേഖപ്പെടുത്തുന്നു.

ശ്രീ. തോമസ് ചാഴികാടൻ: പ്രജാസോഷ്യലിസ്റ്റ് പാർട്ടിയിലൂടെ ഇൻഡ്യൻ രാഷ്ട്രീയ രംഗത്ത് കടന്നുവന്ന പ്രധാനമന്ത്രിയാണ് ചന്ദ്രശേഖർ. അദ്ദേഹം കോൺഗ്രസ് പാർട്ടിയിൽ എത്തിയശേഷം ആ പാർട്ടിയിൽ സോഷ്യലിസ്റ്റ് ആദർശവാദികളുടെ മുൻനിരയിലായിരുന്നു എന്നതിനാലാണ് അദ്ദേഹത്തിന് 'യുവതുർക്കി' എന്നപേര് കിട്ടിയത്. ലോകത്തിനുതന്നെ മാതൃകയായ ബാങ്കിംഗ് സിസ്റ്റം എന്ന ആശയം ഇൻഡ്യയിൽ ലഭ്യമായത് ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലൂടെയാണ്. ഇൻഡ്യയിലെ പാവപ്പെട്ടവർക്ക് അത്താണിയായി പ്രവർത്തിച്ച ഒരു രാഷ്ട്രീയ നേതാവായിരുന്നു അദ്ദേഹം. രാഷ്ട്രീയത്തിൽ പാലിക്കേണ്ട മൂല്യങ്ങളെ മുറുകെ പിടിക്കുകയും അദ്ദേഹം അനീതിക്കെതിരായി ശബ്ദമുയർത്തുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അഗാധമായ ദു:ഖം രേഖപ്പെടുത്തുകയും സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലി അർപ്പിക്കുകയും ചെയ്യുന്നു

<u>ശ്രീ. കെ.പി. മോഹനൻ</u> : ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും പ്രതിപക്ഷ നേതാവും മറ്റ് കക്ഷിനേതാക്കൻമാരും മുൻ പ്രധാനമന്ത്രി ചന്ദ്രശേഖറിന്റെ നിര്യാണത്തിൽ പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും യോജിക്കുന്നു. മതനിരപേക്ഷ സോഷ്യലിസ്റ്റായി പ്രവർത്തിച്ച് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലൂടെ വളർന്ന് തികച്ചും സോഷ്യലിസ്റ്റ് ആശയങ്ങൾ ഉൾക്കൊണ്ടു പ്രവർത്തിച്ച വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹം അടിയന്തിരാവസ്ഥയ്ക്കെതിരായി പോരാടി. സമ്മർദ്ദങ്ങൾക്ക് വഴങ്ങാത്ത മികച്ച പാർലമെന്റേറിയനായിരുന്ന അദ്ദേഹം നല്ലൊരു ഭരണാധികാരി മാത്രമല്ല മരണംവരെ സോഷ്യലിസ്റ്റ് ആശയങ്ങൾ ഉയർത്തിപ്പിടിച്ചു പ്രവർത്തിച്ച വ്യക്തിയുമായിരുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ദു:ഖം രേഖപ്പെടുത്തുകയും സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലി അർപ്പിക്കുകയും ചെയ്യുന്നു.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u>: ഇൻഡ്യൻ രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്ന ഒരു നേതാവായിരുന്നു ചന്ദ്രശേഖർ. പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയിലൂടെ, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിലൂടെ, രാഷ്ട്രീയത്തിന്റെ ഉന്നത പദവിയിലെത്തിയ വ്യക്തിയാണ് അദ്ദേഹം. ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റേയും സോഷ്യലിസത്തിന്റേയും പ്രതീകമായിരുന്ന അദ്ദേഹം കന്യാകുമാരി മുതൽ രാജ്ഘട്ട്വരെ ഭാരതത്തിലൂടെ നടന്ന് ഭാരതജനതയുടെ ഹൃദയം തൊട്ടറിഞ്ഞ നേതാവായിരുന്നു. പ്രധാനമന്ത്രിപദത്തിൽ ചുരുങ്ങിയകാലമേ ഉണ്ടായിരുന്നുള്ളുവെങ്കിലും രാഷ്ട്രീയത്തിന് കനത്ത സംഭാവന നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ വേർപാട് കനത്ത നഷ്ടമാണ് വരുത്തിയിട്ടുള്ളത്. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): ഇൻഡ്യയുടെ പ്രഗൽഭനായ ഒരു പ്രധാനമന്ത്രിയായിരുന്നു ചന്ദ്രശേഖർ. അദ്ദേഹം പ്രത്യേക വ്യക്തിത്വത്തിനുടമയായിരുന്നു. ദൃഢനിശ്ചയത്തിനുടമയായിരുന്ന അദ്ദേഹം മനുഷ്യരാശിക്കുവേണ്ടി വ്യക്തിപരമായി ഉറച്ച നിലപാടെടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അതിയായ ദു:ഖം രേഖപ്പെടുത്തുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ഇന്നലെ അന്തരിച്ച മുൻ പ്രധാനമന്ത്രി എസ്. ചന്ദ്രശേഖറിന്റെ നിര്യാണത്തിൽ ഈ സഭയിൽ ഉയർന്നുവന്ന വികാരങ്ങളോട് യോജിക്കുകയാണ്. ലോക്സഭയിലെ ചന്ദ്രശേഖറിന്റെ ധിഷണാപരമായ നേതൃത്വപാടവം നേരിട്ടനുഭവിക്കാൻ അവസരം ലഭിച്ച ജനപ്രതിനിധി എന്ന നിലയിൽ അഭിമാനബോധത്തോടുകൂടിയാണ് ഈ അവസരത്തിൽ അദ്ദേഹത്തെ സ്മരിക്കുന്നത്. ദേശീയ രാഷ്ട്രീയ രംഗത്തെ ഒരു ഒറ്റയാൻ വ്യക്തിത്വത്തെ വിശേഷിപ്പിക്കാൻ കഴിയുന്ന നേതാവായിരുന്നു അദ്ദേഹം. ഇന്ത്യൻ ജനാധിപത്യപ്രക്രിയയെ ശാക്തീകരിച്ചതിൽ ചന്ദ്രശേഖർ വഹിച്ച പങ്ക് വളരെ വലുതാണ്. 1960-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് നവോന്മേഷം പകർന്ന് നൂതനമായ കാഴ്ചപ്പാടിലൂടെ കോൺഗ്രസ്സിനെ പുനരുജ്ജീവിപ്പിച്ച പ്രക്രിയയിലും അടിയന്തിരാവസ്ഥയിൽനിന്ന് രാജ്യത്തെ മോചിപ്പിക്കുന്ന തിലും അദ്ദേഹം വഹിച്ച പങ്ക് ഇന്ത്യൻ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന തിന് ഏറെ പ്രയോജനപ്പെട്ടിട്ടുണ്ട്. അദ്ദേഹം നടത്തിയ ദേശീയ പദയാത്രയും ചുരുങ്ങിയ കാലയളവിൽ പ്രധാനമന്ത്രി പദത്തിലിരുന്ന് ദേശീയനേതാവ് എന്ന നിലയിൽ ജനങ്ങളിൽ ആർജ്ജിച്ച അമിത വിശ്വാസവും ഭരണപാടവം തെളിയിച്ച പ്രവർത്തനവും എക്കാലവും സ്മരിക്കാൻ കഴിയുന്നതാണ്.

അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു; ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. കെ. കെ. ഷാജു: മുൻ പ്രധാനമന്ത്രി ചന്ദ്രശേഖറിന്റെ ദേഹവിയോഗത്തിൽ അങ്ങും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിൽ നക്ഷത്രശോഭ വിതറിയ അതുല്യ വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വേറിട്ട രാഷ്ട്രീയ പ്രവർത്തനശൈലി പുതിയ തലമുറയ്ക്ക് എന്നും മാതൃകയാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: അന്തരിച്ച മുൻപ്രധാനമന്ത്രി ചന്ദ്രശേഖർ ദേശീയ രാഷ്ട്രീയത്തിന് ഒരു മുഖവുര ആവശ്യമില്ലാത്ത അത്യുന്നതമായ വ്യക്തിത്വത്തിനുടമയായിരുന്നു . ഇന്ത്യയ്ക്ക് ഒരു പുതിയ രാഷ്ട്രീയ മുഖം നൽകാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ കരുത്തും ശക്തിയും ബോധ്യപ്പെടുത്താനും തന്റെ വിശ്വാസ പ്രമാണങ്ങളെ അപ്രതിരോധ്യമായി രേഖപ്പെടുത്തുവാനും കഴിഞ്ഞിട്ടുള്ള സമുന്നതനായ നേതാവായിരുന്നു അദ്ദേഹം. ലോക്സഭാംഗമായിരുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ കരുത്തും ശക്തിയും ബോധ്യമായ നിരവധി സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ഗാന്ധിയൻ ദർശനങ്ങൾ പ്രാവർത്തികമാക്കണമെന്ന പ്രതിബദ്ധത അദ്ദേഹത്തിനുണ്ടായിരുന്നു. ഏത് സന്ദർഭത്തിലും അദ്ദേഹത്തിന്റെ ആശയങ്ങൾക്കും പ്രഖ്യാപനങ്ങൾക്കും നയപരിപാടികൾക്കും ഇന്ത്യയുടെ രാഷ്ട്രീയ ചക്രവാളത്തിൽ പ്രതിധ്വനി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സോഷ്യലിസ്റ്റ് ആശയങ്ങളിലൂടെ കടന്നുവന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രൂപകൽപ്പനയിലും ദർശനപരമായ മുന്നേറ്റത്തിലും നിർണ്ണായകമായ സ്വാധീനം ചെലുത്താനും ആർജ്ജിതമായ

കരുത്തുകൊണ്ട് ഉന്നതമായ സ്ഥാനങ്ങൾ കൈവരിക്കാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: മുൻ പ്രധാനമന്ത്രിയുടെ നിര്യാണത്തിൽ അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിക്കുകയാണ്. രാഷ്ട്രീയപരമായി ദരിദ്ര ജനവിഭാഗങ്ങളോട് പ്രതിബദ്ധതയുള്ളതിനാൽ അദ്ദേഹത്തിന് ഒരു രാഷ്ട്രീയ പാർട്ടിയുടേയും പ്രത്യയ ശാസ്ത്രത്തിനോട് യോജിക്കാൻ കഴിഞ്ഞിരുന്നില്ല. വിശ്വസിച്ച സംഘടനയോടും ആ പ്രസ്ഥാനങ്ങൾ വച്ചുപുലർത്തിയ രാഷ്ട്രീയ നിലപാടുകളോടും കലഹിച്ച അദ്ദേഹത്തിന്റെ ഒറ്റയാൻ രാഷ്ട്രീയമാണ് ദേശീയ ശ്രദ്ധ ആകർഷിച്ചത്. എന്തിനേയും ചോദ്യം ചെയ്യാനുള്ള ഒടുങ്ങാത്ത അഭിനിവേശമാണ് ഈ രൂപത്തിൽ അദ്ദേഹത്തെ വളർത്തിയത്. പ്രധാനമന്ത്രിപദം അദ്ദേഹത്തെ സംബന്ധിച്ച് യാദൃശ്ചികം മാത്രമായിരുന്നു. 1970-ലെ യുവമനസ്സുകളിൽ തീഷ്ണതയുള്ള രാഷ്ട്രീയ വികാരം സന്നിവേശിപ്പിക്കാൻ അദ്ദേഹം വഹിച്ച പങ്ക് പുരോഗമന പ്രസ്ഥാനങ്ങളോട് യോജിച്ച് പ്രവർത്തിക്കുന്നവർക്ക് പ്രചോദനമായിട്ടുണ്ട്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു; ആ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: അങ്ങും മുഖ്യമന്ത്രിയും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. അദ്ദേഹം ആചാര്യ നരേന്ദ്രദേവിന്റെ അനുയായിയായാണ് രാഷ്ട്രീയത്തിൽ തുടക്കം കുറിച്ചത്. 1965-ൽ കോൺഗ്രസ്സിൽ അംഗത്വമെടുക്കുകയും 1967-ൽ പ്രവർത്തക

സമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. നെഹ്രു കുടുംബത്തെപ്പോലെ ജനങ്ങളെ ഒന്നായിക്കണ്ട പ്രിയ നേതാവാണ് ചന്ദ്രശേഖർ. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ആത്മാർത്ഥമായി ദുഖം രേഖപ്പെടുത്തുന്നു. സത്യം പറയാനുള്ള അദ്ദേഹത്തിന്റെ തന്റേടം ഇന്ത്യൻ രാഷ്ട്രീയത്തിന് കൂടുതൽ മേന്മ പകരട്ടെയെന്ന് ആശംസിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

സഭ രാവിലെ 9.30-ന് പിരിഞ്ഞു.

○○○○○○○○○○○○